LIBRARY ARCHIVES Kerala Legislative Assembly

തോട്ടം തൊഴിലാളി സമരം

260(2729) ശ്രീ. കെ. എം. ഷാജി :
ശ്രീ. എം. ഉമ്മർ :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ തോട്ടം തൊഴിലാളികളുടെ സമരത്തിന്റെ രീതിയിൽ മറ്റു തോട്ടങ്ങളിലേക്ക് സമരം വ്യാപിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തോട്ടം തൊഴിലാളികൾക്ക് മിനിമം ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ഉറപ്പാക്കാനും അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തൊഴിലാളികളുടെ മിനിമം വേതനം, തേയില, കാപ്പി എന്നിവയിൽ 301 രൂപയായും ഏലത്തിന് 330 രൂപയായും റബ്ബറിന് 381 രൂപയായും പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ടി ഇക നവംബർ മാസത്തെ ശമ്പളത്തോടൊപ്പം നൽകുന്നതാണെന്ന് തീരുമാനിച്ചിട്ടുണ്ട്. ജോലിഭാരം, വേജ് ഡിഫറൻഷ്യൽ തുടങ്ങിയവ സംബന്ധിച്ച് തീരുമാനമാകാത്തതുകൊണ്ട് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ഫൈനൽ സെറ്റിൽമെന്റ് ഒപ്പുവച്ചിട്ടില്ല.

ഇൻകം സപ്പോർട്ട് സ്കീം

261(2730) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറഞ്ഞ വരുമാനക്കാരായ തൊഴിലാളികൾക്കുവേണ്ടി നടപ്പിലാക്കിയ ഇൻകം സപ്പോർട്ട് സ്കീം പ്രകാരം എത്ര തുക വിനിയോഗിച്ചിട്ടുണ്ടെന്നും ഏതെല്ലാം തൊഴിൽ മേഖലകളിലാണ് തുക വിനിയോഗിച്ചിട്ടുള്ളതെന്നും സാമ്പത്തിക വർഷം അടിസ്ഥാനമാക്കി വിശദമാക്കുമോ;

(ബി) ഓരോ തൊഴിൽ മേഖലയിലും എത്ര തൊഴിലാളികൾക്ക് പ്രസ്തുത ഇനത്തിൽ ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി)

നമ്പർ	വകുപ്പ്	2011-12 മുതൽ 2015-16 നവംബർ മാസം വരെ ആനുകൂല്യം കൈപ്പറ്റിയ തൊഴിലാളികളുടെ എണ്ണം.
1	ഫിഷറീസ് വകുപ്പ്	722874
2	ഖാദി & വില്ലേജ് ഇൻഡസ്ട്രീസ്	44404
3	കയർ വകുപ്പ്	94801
4	ബീഡി വകുപ്പ്	10194
5	കൈത്തറി&ടെക്സ്റ്റൈൽ വകുപ്പ്	49000
6	ഈറ്റ, കാട്ടുവള്ളി ബോർഡ്	81369

തോട്ടം തൊഴിലാളികളുടെ വേതനം

262(2731) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം തൊഴിലാളികളുടെ വേതനം സംബന്ധിച്ച് അവസാനമായി സമഗ്ര പഠനം നടന്നത് എന്നാണ്;

(ബി) തോട്ടം തൊഴിലാളികളുടെ വേതനം പുതുക്കുന്നത് സംബന്ധിച്ച 1952-ലെ പഠന റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരുന്ന പല ആനുകൂല്യങ്ങളും നിലവിൽ തൊഴിലാളികൾക്ക് ലഭിക്കുന്നില്ലെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) തോട്ടം തൊഴിലാളികൾക്ക് മാന്യമായ വേതനം ലഭിക്കുന്നതിനും അവരുടെ സാമൂഹ്യജീവിതം മെച്ചപ്പെടുത്തുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.